O/c

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. Dr.D.SAJITH BABU IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഐസിഡിഎസ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:

1. സാമൂഹ്യനീതി ഡയറക്ടറുടെ 30-3-2017 തീയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 24-09-2023, 8-07-2024 തീയതികളിലെ മേൽ നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 15-12-2017 തിയതിയിലെ ICDS/A7-16237/15 നമ്പർ ഉത്തരവ്
4. വിവിധ ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ അപേക്ഷകൾ

**ഉത്തരവ് നം. DWCD/355/2022 തീയതി: 12-12-2024**

വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റ് അനുമതി നൽകുകയും, ആദ്യ ഘട്ടമായി സംസ്ഥാന സർക്കാർ 720 അങ്കണവാടി കെട്ടിടങ്ങളുടെ തുകയായ 14.40 കോടി രൂപ അനുവദിക്കുകയുമുണ്ടായി. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. ആയത് പ്രകാരം ആദ്യഘട്ടത്തിൽ അനുവദിച്ച 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് വിഹിതമായി 2 ലക്ഷം രൂപ നിരക്കിലുള്ള 14.40 കോടി രൂപ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൌണ്ട് നം 799011400000486 ലേക്ക് നിക്ഷേപിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 720 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി വിവിധ ഘട്ടങ്ങളായി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (2), (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർമ്മാണാനുമതി നൽകിയിട്ടുള്ള 4 അങ്കണവാടികൾക്ക് ടി പദ്ധതി പ്രകാരം നിർമ്മാണം സാധ്യമാകാത്തതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടും, സ്ഥലം ലഭ്യമായിട്ടുള്ള 4 അങ്കണവാടികൾക്ക് നിർമ്മാണാനുമതി ആവശ്യപ്പെട്ടും പരാമർശം (4) പ്രകാരം മലപ്പുറം, കോഴിക്കോട്, കോട്ടയം, എറണാകുളം ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അനുബന്ധം 1 പ്രകാരം ചേർത്തിട്ടുള്ള 4 അങ്കണവാടികളെ ടി പദ്ധതിയിൽ നിന്നും ഒഴിവാക്കിയും, പകരമായി അനുബന്ധം 2 പ്രകാരം ചേർത്തിട്ടുള്ള 4 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ MGNREGS മിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

പരാമർശം (2) (3) പ്രകാരമുള്ള ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

മിഷൻ ഡയറക്ടർ
MGNREGS
തിരുവനന്തപുരം

(Dr.D.SAJITH BABU IAS, DIRECTOR D
WCD, O/o Director DWCD)
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. പ്രോഗ്രാം ഓഫീസർ
   മലപ്പുറം, കോഴിക്കോട്, കോട്ടയം, എറണാകുളം
2. ബന്ധപ്പെട്ട ശിശുവികസന പദ്ധതി
   ഓഫീസർമാർക്ക്
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sw[signature]

സൂപ്രണ്ട്

അനുബന്ധം 1

MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി റദ്ദ് ചെയ്യുന്ന 4 അങ്കണവാടികളുടെ ലിസ്റ്റ്.

ഉത്തരവ് നം. DWCD/355/2022 തീയതി: 12-12-2024

| ക്രമ നമ്പർ | ജില്ല | പ്രോജക്റ്റ് | പഞ്ചായത്ത് | സെന്റർ നമ്പർ |
|---|---|---|---|---|
| 1 | മലപ്പുറം | നിലമ്പൂർ അഡീഷണൽ | മൂത്തേടം | 90 |
| 2 | മലപ്പുറം | നിലമ്പൂർ അഡീഷണൽ | പോത്തുകൽ | 91 |
| 3 | കോഴിക്കോട് | പന്തലായനി | അത്തോളി | 49 |
| 4 | കോട്ടയം | ഉഴവൂർ | കുറവിലങ്ങാട് | 123 |

Sd/-

For വനിത ശിശുവികസന ഡയറക്ടർ

അനുബന്ധം 2

MGNREGS പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതി നൽകുന്ന 4 അങ്കണവാടികളുടെ ലിസ്റ്റ്

ഉത്തരവ് നം. DWCD/355/2022 തീയതി: 12-12-2024

| ക്രമ നമ്പർ | ജില്ല | പ്രോജക്ട് | പഞ്ചായത്ത് | സെന്റർ നമ്പർ |
|---|---|---|---|---|
| 1 | മലപ്പുറം | തിരൂരങ്ങാടി അഡീഷണൽ | മൂന്നിയൂർ | 151 |
| 2 | മലപ്പുറം | തിരൂരങ്ങാടി അഡീഷണൽ | പെരുവള്ളൂർ | 53 |
| 3 | എറണാകുളം | പാമ്പാക്കുട | തിരുമാറാടി | 108 |
| 4 | എറണാകുളം | പാമ്പാക്കുട | പാമ്പാക്കുട | 98 |

Sunda

For വനിത ശിശുവികസന ഡയറക്ടർ